**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 553** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.ഇ.ബി.യുടെ വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനവും ഉപകരണങ്ങളുടെ വാറന്റിയും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ എത്ര ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളാണ് സ്ഥാപിച്ചിട്ടുള്ളത്; ഇതിൽ നിലവിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണ് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 63 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും 1169 സ്ലോ ചാർജ്ജറുകൾ വൈദ്യുതി തൂണുകളിലും സ്ഥാപിച്ചിട്ടുണ്ട്, ആകെ 1232 എണ്ണം. ഇവയിൽ 733 എണ്ണം പ്രവർത്തനക്ഷമമാണ്.

**(ബി)** ഇത്തരം വാഹന ചാർജിംഗ് ഉപകരണങ്ങൾക്ക് വാറന്റി ലഭ്യമാണോ;എങ്കിൽ എത്ര കാലയളവാണ് വാറന്റി നിശ്ചയിച്ചിട്ടുള്ളത്;

**<u>മറുപടി:</u>** വ്യത്യസ്ത കരാറുകളിൽ ആണ് കെ.എസ്.ഇ.ബി ലിമിറ്റഡ് ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചത്. കേന്ദ്ര ഗവൺമെന്റിന്റെ FAME-II സ്കീമിലും, കേരള ഗവൺമെന്റിന്റെ e Mobility പ്രമോഷൻ ഫണ്ടിലും ഉൾപ്പെടുത്തിയാണ് ഇവ സ്ഥാപിച്ചത്. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾക്ക്, ഇവ സ്ഥാപിച്ചത് മുതൽ രണ്ട് വർഷത്തെ വാറണ്ടിയും തുടർന്ന് മൂന്ന് വർഷത്തെ എ.എം.സി (Annual Maintenance Contract) ആണ് നൽകിയിട്ടുള്ളത്. കൂടാതെ വൈദ്യുതി തൂണുകളിൽ സ്ഥാപിച്ചിട്ടുള്ള സ്ലോ ചാർജിംഗ് പോയിന്റുകൾക്ക് ഇവ സ്ഥാപിച്ചത് മുതൽ അഞ്ച് വർഷത്തെ വാറണ്ടിയാണ് നൽകിയിട്ടുള്ളത്.

**(സി)** വാറന്റി കാലയളവിനുള്ളിൽ തകരാറിലായ/പ്രവർത്തനം നിലച്ച ചാർജിംഗ് മെഷീനുകൾ വേഗത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനായി കരാർ കമ്പനികൾക്കെതിരെയും അറ്റകുറ്റപ്പണികൾക്കുമായി കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** കരാർ പ്രകാരം സ്റ്റേഷനുകളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാക്കാത്തവരുടെ, ഇവ സ്ഥാപിച്ചതിന് (സപ്ലൈ-ഇൻസ്റ്റാലേഷനും) ശേഷം നൽകേണ്ട ബാക്കി തുകയും, കൂടാതെ, വാറണ്ടി കാലയളവിൽ പ്രവർത്തനവും പരിപാലനവും തൃപ്തികരമല്ലാത്ത കരാറുകാരുടെ എ.എം.സി തുകയും നൽകിയിട്ടില്ല. അനുദിനം സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ആയതിന്റെ റിപ്പോർട്ട്

എല്ലാ കരാറുകാർക്കും ദിവസവും നൽകുന്നുണ്ട്. വൈദ്യുതി തകരാറുകൾ, നെറ്റ്‌വർക്ക് ലഭ്യത കുറവ്, മെഷീനുകളുടെ പ്രശ്നങ്ങൾ മുതലായ കാരണങ്ങളാലാണ് പലപ്പോഴും ചാർജിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം തടസ്സപ്പെടുന്നത്. ഇനിയും പ്രവർത്തനം മെച്ചപ്പെടാത്ത കരാർ കമ്പനികൾക്കെതിരെ ടെണ്ടർ വ്യവസ്ഥ അനുസരിച്ച് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചുകൊണ്ട് മുന്നറിയിപ്പ് കത്തുകൾ കെ.എസ്.ഇ.ബി.എൽ നൽകിയിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ സ്ഥാപിച്ച 63 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും കേന്ദ്ര ഘനവ്യവസായ മന്ത്രാലയത്തിന്റെയും, ഊർജ്ജ മന്ത്രാലയത്തിന്റെയും നിർദ്ദേശപ്രകാരവും, ഗൈഡ് ലൈൻ പ്രകാരവുമാണ് എല്ലാ ചാർജ്ജർ പ്രോട്ടോകോളുകളും സ്ഥാപിച്ചിട്ടുണ്ടായിരുന്നത്. എന്നാൽ ഇതിൽ മിക്ക ചാർജ്ജർ പ്രോട്ടോകോളുകളും പിൽക്കാലത്ത് വന്ന വാഹനങ്ങൾക്ക് അഡോപ്റ്റ് ചെയ്യാത്തതിനാൽ പ്രസ്തുത പ്രോട്ടോകോൾ ചാർജറുകൾ ഉപയോഗരഹിതമായിരിക്കുകയാണ്. പ്രസ്തുത വിഷയം കേന്ദ്രമന്ത്രാലയത്തെ അറിയിക്കുകയും FAME II പദ്ധതിയിൽ അനുമതി കിട്ടിയ മറ്റു ലൊക്കേഷനുകളിൽ നിന്ന് ഇത്തരം ചാർജറുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.ഇ.ബി.എൽ ഉപേക്ഷിക്കുകയും ചെയ്തു. പ്രസ്തുത ചാർജ്ജിംഗ് സ്റ്റേഷനുകൾ നവീകരിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും ആയി കെ.എസ്.ഇ.ബി.എൽ കേന്ദ്ര ഘനവ്യവസായ മന്ത്രാലയത്തിന്റെ (MHI) 'പി.എം. ഇ-ഡ്രൈവ്'' (PM E-DRIVE) പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ നൽകുകയും നിലവിലെ 56 കെ.എസ്.ഇ.ബി.എൽ-ൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ ഉൾപ്പെടെ 209 സ്ഥലങ്ങൾക്ക് (കെഎസ്ആർടിസി, കെടിഡിസി, ഇൻഡസ്ട്രീസ്, ഉൾപ്പെടെയുള്ള) 63.12 കോടി രൂപയുടെ ഗ്രാന്റിന് ഈ പദ്ധതി വഴി, 2026 മാർച്ച് 31 ന് അനുമതി ലഭിക്കുകയും ചെയ്തു.

ആയത് പ്രകാരം പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ-ന്റെ നിലവിലെ ചാർജ്ജ് സ്റ്റേഷനുകൾ നവീകരിച്ച് അൾട്രാ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുമുള്ള ടെൻഡർ വിളിക്കുകയും ചെയ്തിട്ടുണ്ട്. ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ പദ്ധതിയിൽ പി.എം. ഇ-ഡ്രൈവ് ഓപ്പറേഷൻ ഗൈഡ്‌ലൈൻസ് പ്രകാരമുള്ള CPO മോഡ് (ചാർജ്ജ് പോയിന്റ് ഓപ്പറേറ്റർ) വഴിയാണ് നടപ്പിലാക്കുന്നത്. ആയത് ചാർജ്ജിംഗ് സ്റ്റേഷൻ നടത്തി വ്യക്തമായ പരിചയമുള്ള CPO-കൾ, പ്രസ്തുത സ്ഥലങ്ങളിൽ DBFOM (Design-Build-Finance-Operate-Maintain) പ്രകാരം സ്ഥാപിച്ച് ഓപ്പറേറ്റ് ചെയ്യുകയും പ്രസ്തുത സ്ഥാപനങ്ങൾ റവന്യൂ ഷെയർ നൽകുകയും ചെയ്യും. ഏറ്റവും കൂടുതൽ റവന്യൂ ഷെയർ നൽകുന്ന സ്ഥാപനത്തിന് പ്രസ്തുത സ്ഥലത്ത് ചാർജർ സ്ഥാപിച്ച് ഓപ്പറേറ്റ് ചെയ്യാം. അതോടൊപ്പം നിർബന്ധമായും 95% uptime (പ്രവർത്തനസമയം) പാലിക്കുന്നതിനുള്ള കർശന നിബന്ധനയും നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**